"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയഭരണ വകുപ്പ് - തൃശ്ശൂർ ജില്ലയിലെ മതിലകം ഗ്രാമപഞ്ചായത്തിൽ കളിസ്ഥലത്തിന് വേണ്ടി ഭൂമി ആർജിക്കുന്ന വിഷയത്തിൽ നിയമാനുസൃതമല്ലാത്ത പഞ്ചായത്ത് കമ്മിറ്റിയുടെ തീരുമാനങ്ങൾ സ്റ്റേ ചെയ്തുകൊണ്ടും തദ്ദേശസ്വയഭരണ സ്ഥാപനങ്ങൾക്ക് വേണ്ടിയുള്ള ഓംബുഡ്സ്മാന്റെ പരിഗണനയ്ക്ക് വിട്ടുകൊണ്ടും ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ(ആർ.സി) വകുപ്പ്**

സ.ഉ.(സാധാ) നം.1666/2022/LSGD    തീയതി,തിരുവനന്തപുരം, 13-07-2022

---

പരാമർശം:-

1. പഞ്ചായത്ത് കമ്മിറ്റിയുടെ 14/9/2021- ലെ 4-ാം നമ്പർ തീരുമാനം.
2. മതിലകം ഗ്രാമപഞ്ചായത്തിന്റെ 7/5/2022- ലെ 2-ാം നമ്പർ തീരുമാനം.
3. മതിലകം ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 7/05/2022 ലെ JC3-2526 നമ്പർ കത്ത്.
4. മതിലകം ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 17/05/2022 ലെ A2-2472/2020 നമ്പർ കത്ത്.
5. മതിലകം ഗ്രാമപഞ്ചായത്തിന്റെ 17/5/2022- ലെ 1-ാം നമ്പർ തീരുമാനം.
6. പഞ്ചായത്ത് ഡയറക്ടറുടെ 03/07/2022 ലെ PAN/9141/2022 C1 (DP) നമ്പർ കത്ത്.

**ഉത്തരവ്**

മതിലകം ഗ്രാമപഞ്ചായത്തിൽ കളിസ്ഥലം നിർമ്മിക്കുന്നതിനുവേണ്ടി ഡാറ്റാ ബാങ്കിൽ ഉൾപ്പെട്ട ഭൂമി ആർജ്ജിക്കുന്നതിന് പ്രത്യേക അനുവാദം ലഭിക്കുന്നതിന് സർക്കാരിലേയ്ക്ക് അപേക്ഷിക്കുന്നതിന് പരാമർശം (1) പ്രകാരം തീരുമാനം കൈക്കൊള്ളുകയും, ആയതിന് അനുമതിയ്ക്കായി സർക്കാരിലേക്ക് പ്രൊപ്പോസൽ സമർപ്പിക്കുകയും ചെയ്തിരുന്നു. ടി വിഷയത്തിൽ സർക്കാർ തീരുമാനം ലഭ്യമായിട്ടില്ലാത്തതിനാൽ സ്വകാര്യ വ്യക്തികളുടെ ഉടമസ്ഥതയിലുള്ള ഡാറ്റാ ബാങ്കിൽ ഉൾപ്പെട്ട ടി സ്ഥലം (33.38 ആർ) ഒരു ആറിന് 1,23,550/- രൂപ നിരക്കിൽ 41,24,100/- രൂപ വില നൽകി പഞ്ചായത്ത് കളിസ്ഥലത്തിനായി വാങ്ങുന്നതിന് പരാമർശം (2)

പ്രകാരം തീരുമാനം കൈക്കൊള്ളുകയും ആയതുപ്രകാരം സെക്രട്ടറിയെ ചുമതലപ്പെടുത്തുകയും ചെയ്തു. എന്നാൽ പ്രസ്തുത ഭൂമി ഡാറ്റാ ബാങ്കിലുൾപ്പെട്ടിട്ടുള്ള തണ്ണീർത്തടമായതിനാൽ മേൽ തീരുമാനം പുന:പരിശോധിക്കുന്നതിന് പരാമർശം (3) പ്രകാരം സെക്രട്ടറി കത്ത് നൽകി. 17/5/2022-ലെ യോഗത്തിൽ സെക്രട്ടറിയുടെ കത്ത് ചർച്ച ചെയ്തുവെങ്കിലും കളിസ്ഥലം വാങ്ങുന്നത് പുന:പരിശോധിക്കണമെന്ന സെക്രട്ടറിയുടെ കത്ത് നിരസിക്കുന്നതിനും പരാമർശം (2) തീരുമാനത്തിൽ ഉറച്ച് നിൽക്കുന്നതിനും കമ്മിറ്റി തീരുമാനിച്ചു.

കേരളപഞ്ചായത്ത് രാജ് (വസ്തു ആർജ്ജിക്കലും കയ്യൊഴിക്കലും) ചട്ടങ്ങൾ 2005-ലെ ചട്ടം 3 പ്രകാരം ഒരു പഞ്ചായത്തിന്റെ അതിർത്തി പ്രദേശത്തിനുള്ളിൽപ്പെട്ടതോ പുറത്തുള്ളതോ ആയ ഏതെങ്കിലും വസ്തുവോ കെട്ടിടമോ വാങ്ങൽ മൂലമോ അല്ലാതെയോ ഏതെങ്കിലും പൊതു സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനോ സേവനം നൽകുന്നതിനോ വേണ്ടി ആർജ്ജിക്കാവുന്നതാണ് എന്ന വ്യവസ്ഥ ചെയ്തിരിക്കുന്നതായും എന്നാൽ മേൽപ്പറഞ്ഞ ഭൂമി ഡാറ്റാ ബാങ്കിലുൾപ്പെട്ടിട്ടുള്ള തണ്ണീർത്തടമായതിനാൽ, ഭൂമി വാങ്ങുന്നതിന് സർക്കാർ അനുമതി ആവശ്യമുള്ളതായി കാണുന്നതായും കൂടാതെ ടി വിഷയം സർക്കാർ തീരുമാനത്തിനായി സമർപ്പിച്ചിരിക്കുന്നതിനാലും, പരാമർശം (2), (5) തീരുമാനങ്ങൾ നിലനിൽക്കുന്നതല്ലായെന്നും, ആയത് സംബന്ധിച്ച് സെക്രട്ടറിയുടെ അഭിപ്രായം ശരിയാണെന്നും കാണുന്നതായും പരാമർശം (6) പ്രകാരം പഞ്ചായത്ത് ഡയറക്ടർ റിപ്പോർട്ട് ചെയ്തിരിക്കുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ തൃശ്ശൂർ ജില്ലയിലെ മതിലകം ഗ്രാമപഞ്ചായത്തിൽ കളിസ്ഥലത്തിന് വേണ്ടി ഭൂമി ആർജ്ജിക്കുന്ന വിഷയത്തിൽ നിയമാനുസൃതമല്ലാത്ത പരാമർശം (2), (5) തീരുമാനങ്ങൾ സ്റ്റേ ചെയ്തുകൊണ്ടും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് വേണ്ടിയുള്ള ഓംബുഡ്സ്മാന്റെ പരിഗണനയ്ക്ക് വിട്ടുകൊണ്ടും ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
RAJEEVAN A P
ഡെപ്യൂട്ടിസെക്രട്ടറി

1. സെക്രട്ടറി, ഓംബുഡ്സ്മാന്റെ കാര്യാലയം, സാഫല്യം കോംപ്ലക്സ്, നാലാം നില, ട്രിഡ ബിൽഡിംഗ്, പാളയം തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)
2. പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
3. സെക്രട്ടറി/ പ്രസിഡന്റ്, മതിലകം ഗ്രാമപഞ്ചായത്ത്, തൃശ്ശൂർ ജില്ല.
4. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്,എൽ.ബി.എ & എ&ഇ ), തിരുവനന്തപുരം.
5. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് തിരുവനന്തപുരം.
6. എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
7. വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്.
8. കരുതൽ ശേഖരം/ഓഫീസ് കോപ്പി.(Fileno.RC1/125/2022/LSGD.